**ദേഹോ രഥസ്ത്വിന്ദ്രിയാശ്വ: സംവത്സരരയോ*f*ഗതി:**
**ദ്വികർമചക്രസ്ത്രിഗുണധ്വജ: പഞ്ചാസുബന്ധുര: (4-29-18)**
**മനോരശ്മിർബ്ബുദ്ധി സൂതോ ഹൃന്നീഡോ ദ്വന്ദ്വകൂബര:**
**പഞ്ചേന്ദ്രിയാർത്ഥപ്രക്ഷേപ: സപ്തധാതുവരൂഥക: (4-29-19)**
**ആകൂതിർവിക്രമോ ബാഹ്യോ മൃഗതൃഷ്ണാം പ്രധാവതി**
**ഏകാദശേന്ദ്രിയചമൂ: പഞ്ചസൂനാവിനോദകൃത് (4-29-20)**

കഥയുടെ ആത്മീയവശം വിശദീകരിച്ചുകൊണ്ട് നാരദൻ പറഞ്ഞു: "പുരഞ്ജന (നഗരസൃഷ്ടി) ജീവനത്രെ. തൻെറ ശാശ്വതസുഹൃത്തായ അവിജ്ഞാതനെ (ഈശ്വരൻ: അറിയപ്പെടാത്തത്) മറന്നുകൊണ്ട് ജീവൻ സ്വന്തം വാസസ്ഥലമന്വേഷിക്കുന്നു. മനുഷ്യശരീരമാണ് ഉചിതമായ വാസസ്ഥലമെന്ന് കണ്ട് ജീവൻ, രണ്ടു കയ്യും രണ്ടു കാലും ഒൻപതു ദ്വാരങ്ങളുമുള്ള ശരീരത്തിൽ പ്രവേശിക്കുന്നു. യുവതി, മനുഷ്യബുദ്ധിയാണ്, പത്തിന്ദ്രിയങ്ങൾ അവളുടെ തോഴന്മാരും ഇന്ദ്രിയധർമ്മങ്ങൾ അവളുടെ തോഴിമാരുമത്രെ. പതിനൊന്നാമനായ വീരയോദ്ധാവാണ് മനസ്സ്. പുരഞ്ജനന് താമസിക്കാൻ പുരഞ്ജനി നൽകിയ പാഞ്ചാല രാജ്യം ഒൻപതു വാതിലുകളുള്ളതും ലൗകീകസുഖമനുഭവിക്കാനുള്ള ഇടവുമത്രെ.

ഒൻപതു വാതിലുകൾ: രണ്ടു കണ്ണുകൾ, രണ്ടു ചെവികൾ, രണ്ട് നാസാരന്ധ്രങ്ങൾ, വായ്, രണ്ട് വിസർജ്ജനാവയവങ്ങൾ എന്നിവയാണ്. അവ തുറക്കുന്ന ദിശകൾ എല്ലാവർക്കും അറിവുള്ളതാണ്. ഈ വാതിലുകളൂടെ അകത്തു താമസിക്കുന്നയാൾ പുറത്തുപോയി പലേ വിധത്തിലുള്ള സുഖങ്ങൾ തേടുന്നു. ഈ യാത്രകളിൽ കൂട്ടാളികളായി പഞ്ചേന്ദ്രിയങ്ങൾ, അവയുടെ ധർമ്മം എല്ലാം പുരഞ്ജനന് കൂട്ടു പോവുന്നു. കണ്ണുകളിൽക്കൂടി അയാൾ കാണുന്നു, മൂക്കിലൂടെ വാസനയറിയുന്നു, വായിലൂടെ ഭക്ഷണം അനുഭവിക്കുന്നതുകൂടാതെ സംസാരിക്കുന്നു, വലത്തേ ചെവിയിലൂടെ ലൗകീകമാർഗ്ഗങ്ങളെപ്പറ്റിയും ധാർമ്മീകമായ ചടങ്ങുകളെപ്പറ്റിയുമുള്ള ജ്ഞാനം സമ്പാദിക്കുന്നു. ഇടത്തേ ചെവിയിലൂടെ ആത്മശാന്തിയും ഭഗവൽഭക്തിയും ഉണ്ടാകുവാനുള്ള ജ്ഞാനം ആർജിക്കുന്നു, ഉൽപ്പാദനേന്ദ്രിയങ്ങളിലൂടെ ലൈംഗീകസുഖ മനുഭവിക്കുന്നു, വിസർജ്ജനാവയവങ്ങളിലൂടെ മാലിന്യം പുറത്തുകളയുന്നു.

കറുത്തിരുണ്ട ഇടനാഴികയിലേക്ക് നയിക്കുന്ന വാതിലുകൾ കൈകളും കാലുകളുമത്രേ. അവകൊണ്ടാണല്ലോ മനുഷ്യൻ പലകർമ്മങ്ങളും ചെയ്യുന്നത്. ഭാര്യയുടെ സാമീപ്യം അനുഭവിച്ച് രമിക്കുന്ന അന്ത:പുരമത്രേ ഹൃദയം. ഇവിടെ ജീവൻ, ബുദ്ധിയുമായോ മനസ്സുമായോ താദാത്മ്യം പ്രാപിച്ച് അവയുടെ ഗുണഗണങ്ങൾക്കടിമപ്പെടുന്നു. ജീവൻ സ്വതന്ത്രനും ഇളക്കമേശാത്തതുമാണെങ്കിലും ഈ താദാത്മ്യഭാവം കാരണം ജീവൻ സ്വയം കർത്താവായും, കർമ്മഫലഭോക്താവായും കരുതി വർത്തിക്കുന്നു.

രാജാവ് വേട്ടയാടാൻ പോയിരുന്നു എന്നു പറഞ്ഞല്ലോ. ശരീരംതന്നെയാണ് അഞ്ചുകുതിരകളെ (ഇന്ദ്രിയ ങ്ങളെ) പൂട്ടിയ രഥം. പുണ്യപാപകർമ്മങ്ങൾ രഥചക്രങ്ങൾ. ത്രിഗുണങ്ങൾ കൊടിമരങ്ങൾ. പഞ്ചപ്രാണന്മാർ കയറുകൾ. മനസ്സ് കടിഞ്ഞാൺ. ബുദ്ധി തേരാളി. ഹൃദയം ജീവൻെറ ഇരിപ്പിടം. ദ്വന്ദതയുടെ തൂണുകൾ (സുഖദു:ഖങ്ങൾ തുടങ്ങിയവ) നുകമുറപ്പിക്കാനുള്ളയിടം. ഇന്ദ്രിയ ഭോഗവസ്തുക്കൾ രഹസ്യ അറകൾ. ഏഴു കവചങ്ങളുള്ള ശരീരത്തിൻെറ സുരക്ഷിത വലയങ്ങൾ. അഞ്ച് കർമ്മേന്ദ്രിയങ്ങൾ. അഞ്ചു തരത്തിലുള്ള ചലനങ്ങൾ. രഥത്തിൽ ജീവനങ്ങിനെ വിഹരിക്കുന്നു. ഇന്ദ്രിയസുഖമനുഭവിച്ചുകൊണ്ടുള്ള ജീവിതത്തെ മൃഗങ്ങളെ വേട്ടയാടി കൊല്ലുന്നതിനോടുപമിക്കാം."